# ഡയറ്റ് വയനാട്

## പ്രവൃത്തി പരിചയ പരിശീലനം
## 2013 ഒക്ടോബർ 29 മുതൽ 31 വരെ

വിവിധ നിലവാരക്കാരായ കുട്ടികളുടെ കഴിവുകൾ ക ത്തുകയും മെച്ചപ്പെടുത്തകയും ചെയ്യുന്നതിലൂടെ അവരെ സാമൂഹിക ജീവിതത്തിന് യോഗ്യരാക്കുകയാണ് പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം പ്രവൃത്തി പരിചയ പഠനം ഒരു പ്രത്യേക വിഷയമായി കാണുന്നതിനോടൊപ്പം മറ്റു വിഷയങ്ങളുമായി ബന്ധമു ് എന്ന് തിരിച്ചറിയണം. ഉദ്ഗ്രഥിത പ്രവർത്തനങ്ങളിലൂടെ ബുദ്ധിയുടെ ബഹുമുഖ വികസനത്തിൽ പ്രവൃത്തി പരിചയവുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമു ്. നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നത് വഴി ആത്മ വിശ്വാസവും സ്വയം പര്യാപ്തതയും നേടിയെടുക്കാൻ കഴിയണം. വിവിധ വിഷയങ്ങളുടെ പഠനത്തിലൂടെ ആർജ്ജിച്ച അറിവുകൾ ,സിദ്ധാന്തങ്ങൾ, തത്വങ്ങൾ എന്നിവയും ഉപകരണങ്ങളുടെ മികച്ച ഉപയോഗവും സർഗാത്മകചിന്തയും കൂടി ചേരുമ്പോഴാണ്. കുട്ടിക്ക് ഒരു ഉത്പന്നം നിർമ്മിക്കാനോ സേവന പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ കഴിയുന്നത്.

അതിന് അധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ബത്തേരി ഉപജില്ലയിലെ പ്രവൃത്തി പരിചയ അധ്യാപകർക്കായി ഒക്ടോബർ 29 മുതൽ 31 വരെ ഡയറ്റിൽ വച്ച് പരിശീലനം നടത്തുകയു ായി . വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകി. അഗർബത്തി, ചോക്ക് ,മെഴുകുതിരി, ഫയൽബോർഡ്, വിവിധതരം ആഭരണങ്ങൾ എന്നിവയുടെ നിർമ്മാണം നടന്നു.

ഇത്തരം പ്രവർത്തനങ്ങൾ മാനന്തവാടി, വൈത്തിരി ഉപജില്ലകളിൽ ജനുവരി , ഫെബ്രുവരി മാസങ്ങളിൽ നടക്കും.